# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1257** **02.05.2017 ൽ മറുപടിയ്ക്ക്**

## പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ ജോലിഭാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ലഭ്യമാക്കാമോ; | എ) | പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് ശാസ്ത്രീയമായ ഒരു പഠനം നടത്തി ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ 9-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ആയതിനെ തുടർന്ന് പഞ്ചായത്ത് ഡയറക്ടറായിരുന്ന ശ്രീ. കെ.ആർ. മുരളീധരൻ ഐ.എ.എസ്, ശ്രീ. എസ്. ദിവാകരൻപിള്ള (സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ) എന്നിവരടങ്ങിയ സമിതിയെ നിയോഗിക്കുകയും പഠന റിപ്പോർട്ട് 27.02.2012 ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഠന റിപ്പോർട്ടിലെ ശിപാർശ അനുബന്ധമായി ചേർക്കുന്നു. |
| ബി) | ജനപ്രതിനിധികളുടെയും ജനങ്ങളുടെയും നേരിട്ടുള്ള ഇടപെടൽ കാരണം ഇതര സർക്കാർ വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി പഞ്ചായത്തുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് അവർക്ക് യോജിച്ചതിൽ ഏറ്റവും സമീപ ജില്ലകളിലെങ്കിലും ജോലി ചെയ്യാൻ പറ്റുന്ന സാഹചര്യം സൃഷ്ടിക്കുമോ; | ബി) | നിലവിൽ പഞ്ചായത്ത് വകുപ്പിലെ ഭൂരിഭാഗം ഉദ്യോഗസ്ഥർക്കും സ്വന്തം ജില്ലയിലും സൌകര്യപ്രദമായ ഓഫീസുകളിലും നിയമനം നൽകുന്ന രീതിയാണ് അവലംബിച്ചുപോരുന്നത്. |
| സി) | പഞ്ചായത്ത് വകുപ്പിൽ പുതുക്കിയ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## <u>സമിതി ശുപാർശ ചെയ്യുന്ന തസ്തികകളുടെ എണ്ണം</u>

| ക്രമ നമ്പർ | തസ്തികകളുടെ എണ്ണം | ശമ്പള നിരക്ക് | 13 മുതൽ 15 വരെ വാർഡുകളുള്ള ഗ്രാമപഞ്ചായത്തുകൾക്ക് (നിലവിൽ ഉള്ള തസ്തികകൾ ഉൾപ്പെടെ ഏറ്റവും കുറഞ്ഞത്) | 16 മുതൽ 23 വരെ വാർഡുകളുള്ള ഗ്രാമപഞ്ചായത്തുകൾക്ക് (നിലവിൽ ഉള്ള തസ്തികകൾ ഉൾപ്പെടെ ഏറ്റവും കുറഞ്ഞത്) | റിമാർക്സ് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1. | പാർട്ട്ടൈം സ്വീപ്പർ | 4250-6700 | 1 | 2 | |
| 2. | ഫുൾടൈം സ്വീപ്പർ | 8500-13210 | 1 | 2 | |
| 3. | പ്യൂൺ | 8500-13210 | 2 | 2 | |
| 4. | എൽ.ഡി.ക്ലർക്ക് | 9940-16580 | 5 | 6 | |
| 5. | കാഷ്യർ (എൽ.ഡി.ക്ലാർക്ക്) | 9940-16580 | 1 | 1 | പുതിയ തസ്തിക |
| 6. | റെക്കോർഡ്-കം-സ്റ്റോർകീപ്പർ/ ഫ്രണ്ടാഫീസ് അസിസ്റ്റന്റ് | 9940-16580 | 1 | 1 | പുതിയ തസ്തിക |
| 7. | ടെക്നിക്കൽ അസിസ്റ്റന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 9940-16580 | 1 | 1 | പുതിയ തസ്തിക |
| 8. | ഹെൽത്ത് ഇൻസ്പെക്ടർ | 11620-20240 | 1 | 1 | ആരോഗ്യവകുപ്പിൽ നിന്ന് ലീൻ ഷിഫ്റ്റ് ചെയ്യുന്ന തസ്തിക |
| 9. | യു.ഡി.ക്ലർക്ക് | 13210-22360 | 5 | 6 | |
| 10. | ഹെഡ് അക്കൗണ്ടന്റ് | 14620-25280 | 1 | 1 | |
| 11. | റവന്യൂ ഇൻസ്പെക്ടർ | 15380-25900 | 1 | 1 | പുതിയ തസ്തിക |
| 12. | ജൂനിയർ സൂപ്രണ്ട് | 16180-29180 | 1 | 1 | |
| 13. | അസിസ്റ്റന്റ് സെക്രട്ടറി | 16180-29180 | 1 | 1 | പുതിയ തസ്തിക |
| 14. | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 18740-33680 | 1 | 1 | |

* 1982 വരെ ഗ്രാമപഞ്ചായത്തുകളെ അവയുടെ വരുമാനത്തെ അടിസ്ഥാനമാക്കി വ്യത്യസ്ത ഗ്രേഡുകളാക്കി തിരിച്ച് അതനുസരിച്ചാണ് വിവിധ തസ്തികകൾ സൃഷ്ടിച്ചിരുന്നത്. ഇപ്പോൾ ജനസംഖ്യാനുപാതികമായി/വാർഡ് അടിസ്ഥാനത്തിൽ ഏകീകൃത സ്വഭാവത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തുല്യമായ രീതിയിൽ (ചില പുതിയ തസ്തികകൾ കൂടി ഉൾപ്പെടുത്തി) സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്.

വിഎം

## സ്റ്റാഫ് സംവിധാനം പുനർനിർണ്ണയം

## ശുപാർശകൾ സംക്ഷിപ്തം

| ക്രമ നമ്പർ | തസ്തിക | ശമ്പള നിരക്ക് | അനിവാര്യമായ തസ്തികകളുടെ എണ്ണം | നിലവിലുള്ള തസ്തികകളുടെ എണ്ണം | പുതുതായി സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം | അപ്ഗ്രേഡ് ചെയ്യേണ്ട തസ്തികകളുടെ എണ്ണം | ലീൻ ഷിഫ്റ്റ് ചെയ്യേണ്ട തസ്തികകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | പ്യൂൺ | 8500-13210 | 1954 | 1376 | 578 | - | - |
| 2 | എൽ.ഡി.ക്ലർക്ക് | 9940-16580 | 6493 | 3386 | 3107 | - | - |
| 3 | യു.ഡി. ക്ലർക്ക് | 13210-22360 | 5515 | 2298 | 3217 | - | - |
| 4 | ഹെഡ് അക്കൗണ്ടന്റ് | 14620-25280 | 978 | 976 | 2 | - | - |
| 5 | റെക്കാർഡ് കം സ്റ്റോർ കീപ്പർ/ഫ്രണ്ടാഫീസ് അസിസ്റ്റന്റ് | 9940-16580 | 978 | ഇല്ല | 978 | - | - |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 9940-16580 | 978 | ഇല്ല | 978 | - | - |
| 7 | ഹെൽത്ത് ഇൻസ്പെക്ടർ | 11620-20240 | 978 | 20 | - | - | 958 ** |
| 8 | റവന്യൂ ഇൻസ്പെക്ടർ | 15380-25900 | 978 | ഇല്ല | 978 | - | - |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 16180-29180 | 978 | ഇല്ല | 978 | - | - |
| 10 | ജൂനിയർ സൂപ്രണ്ട് | 16180-29180 | 978 | 374 | 1 (ഇടമലക്കുടി ഗ്രാമ പഞ്ചായത്ത്) | 603 * | - |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | സീനിയർ സൂപ്രണ്ട് | 18740-33680 | 99 (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ആഫീസുകളിലും ജില്ലാ പഞ്ചായത്തുകളിലും) | 71 | 14 | 14 | - |
| 12 | പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ (പെർഫോമൻസ് ആഡിറ്റ്) | 21240-37040 | 66 | ഇല്ല | - | 66 *** (സീനിയർ സൂപ്രണ്ട്) | - |
| 13 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (ആഡിറ്റ്) | 24040-38840 | 14 | ഇല്ല | 14 | - | - |
| 14 | പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) | 40640-57440 | 1 | ഇല്ല | 1 | - | - |

*

പഞ്ചായത്ത് വകുപ്പിൽ നിലവിൽ 617 ഹെഡ് ക്ലാർക്ക് തസ്തികകൾ ഉണ്ട് ഇതിൽ 603 എണ്ണം ഗ്രാമപഞ്ചായത്തുകളിലും 14 തസ്തികകൾ ജില്ലാ പഞ്ചായത്തുകളിലു മാണുള്ളത്. ഗ്രാമപഞ്ചായത്തുകളിലെ 603 ഹെഡ് ക്ലാർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികകളാക്കി ഉയർത്തേണ്ടതും ജില്ലാ പഞ്ചായത്തുകളിൽ നിലവി ലുള്ള 14 ഹെഡ് ക്ലാർക്ക് തസ്തികകൾ സീനിയർ സൂപ്രണ്ട് തസ്തികകളാക്കി പരിവർത്തനം ചെയ്യേണ്ടതുമാണ്.

**

ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള 20 സാനിട്ടറി ഇൻസ്പെക്ടർ തസ്തികകൾ ഹെൽത്ത് ഇൻസ്പെക്ടർ എന്ന് പുനർനാമകരണം ചെയ്തും 958 ഹെൽത്ത് ഇൻസ്പെക്ടർമാരെ ആരോഗ്യവകുപ്പിൽ നിന്ന് ലീൻ ഷിഫ്റ്റ് ചെയ്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കേണ്ടതാണ്.

***

നിലവിലുള്ള 66 പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളിലെയും സൂപ്പർവൈസർ തസ്തികകൾ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയാക്കി ഉയർത്തേണ്ടതാണ്.

Section officer